# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

നമ്പർ : **2850.**

12..10..2011-ൽ മറുപടിക്ക്

## മിൽമാ ജീവനക്കാർക്ക് പെൻഷൻ

**ചോദ്യം**

**ശ്രീ. പാലോട് രവി**

(എ) മിൽമാ ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനുള്ള നിർദ്ദേശം മാനേജ്മെന്റ് അംഗീകരിച്ചത് എന്നാണ്;

(ബി) ഇതിന് വേണ്ടി ട്രേഡ് യൂണിയൻ പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ ഉണ്ടായ ധാരണ എന്താണ്;

(സി) പ്രസ്തുത ധാരണ മാനേജ്മെന്റും അംഗീകരിച്ചതിനു ശേഷം പെൻഷൻ പദ്ധതി നടപ്പിലാക്കാൻ വൈകുന്ന കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ജില്ലാ സഹകരണ ജീവനക്കാർക്ക് സർക്കാർ ഏർപ്പെടുത്തിയ പെൻഷൻ സ്കീം നടപ്പിലാക്കുന്നതിന് ട്രേഡ് യൂണിയനുകൾ സമ്മതിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത സ്കീം നടപ്പിലാക്കുന്നതിന് അടിയന്തിര നിർദ്ദേശം നൽകുമോ;

**ഉത്തരം**

**ശ്രീ. കെ.സി. ജോസഫ്,**

**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)**

(എ) (ബി) (സി) (ഡി) & (ഇ) മിൽമ ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പാക്കണമെന്ന് വർക്ക്മെൻ കാറ്റഗറിയിലുള്ള തൊഴിലാളികളുടെ അംഗീകൃത ട്രേഡ് യൂണിയനുകൾ ആവശ്യപ്പെട്ടതനുസരിച്ച് ട്രേഡ് യൂണിയനുകളുമായി പലതവണ ചർച്ച നടത്തുകയും സംസ്ഥാന സഹകരണ ബാങ്കുകളിലെയും ജില്ലാ സഹകരണ ബാങ്കുകളിലെയും ജീവനക്കാർക്ക് ഏർപ്പെടുത്തിയിട്ടുള്ള സഹകരണ സ്വാശ്രയ പെൻഷൻ പദ്ധതിയുടെ വിശദാംശങ്ങൾ ട്രേഡ് യൂണിനുകളുമായി ചർച്ച ചെയ്യുകയുണ്ടായി. ഈ പദ്ധതി നടപ്പാക്കുന്നതിന് ട്രേഡ് യൂണിയനുകൾക്ക് സമ്മതമാണെന്ന് അറിയിക്കുകയും മിൽമയ്ക്ക് അധിക സാമ്പത്തിക ബാധ്യതയില്ലാതെ ജീവനക്കാർക്ക് സഹകരണ ബാങ്കുകളിൽ നടപ്പിലാക്കിയതുപോലുള്ള പെൻഷൻ പദ്ധതി നടപ്പിലാക്കുകയെന്ന ആശയത്തോട് തത്വത്തിൽ യോജിക്കുകയും, എന്നാൽ ഓഫീസേഴ്സ് അസോസിയേഷനുമായി ചർച്ച ചെയ്ത് അവരുടെ കൂടി അഭിപ്രായം ആരാഞ്ഞതിനു ശേഷം മാത്രമേ അന്തിമ തീരുമാനം എടുക്കുവാൻ ആകുകയുള്ളൂ എന്നതിനാൽ അവരുമായി ചർച്ച നടത്തിയതിനുശേഷം ഇത് സംബന്ധിച്ച അഭിപ്രായം തൊഴിലാളി യൂണിയനുകളെ അറിയിക്കുന്നതാണ് എന്നും തീരുമാനിച്ചു.

എന്നാൽ, മിൽമയിലെ മാനേജീരിയൽ തസ്തികയിലുള്ള ജീവനക്കാരുടെ സംഘടനകളുമായി ഇതു സംബന്ധിച്ച് ചർച്ച നടത്തിയിരുന്നെങ്കിലും സഹകരണ പെൻഷൻ പദ്ധതി നടപ്പാക്കുന്നതിനോട് അവർ യോജിക്കില്ലെന്നും അതിന് യാതൊരു കാരണവശാലും സമ്മതം നൽകില്ലെന്നും അറിയിച്ചിരുന്നു. ഈ കാരണത്താൽ മിൽമയിലെ വർക്ക്മെൻ കാറ്റഗറിയിൽ വരുന്ന തൊഴിലാളികൾക്ക് മാത്രമായി പെൻഷൻ പദ്ധതി നടപ്പിലാക്കാനാകുമോ എന്ന് സഹകരണ പെൻഷൻ ബോർഡിനോട് ആരാഞ്ഞിട്ടുണ്ട്.

| | |
|---|---|
| (എഫ്) ക്ഷീരകർഷക പെൻഷനുവേണ്ടി എത്ര ശതമാനം തുക നീക്കി വയ്ക്കുന്നുണ്ട്; | (എഫ്) ക്ഷീരകർഷകർക്ക് പെൻഷനു വേണ്ടി മിൽമ വിൽക്കുന്ന ഓരോ ലിറ്റർ പാലിനും 12 പൈസ വീതം അംശാദായമായി നൽകുന്നുണ്ട്. ഈ തുക പാൽ വില വർദ്ധനവ് നടപ്പിലക്കിയപ്പോൾ കർഷകർക്ക് നൽകേണ്ട തുകയിൽ നിന്നും കുറവ് ചെയ്താണ് അംശാദായത്തിന് നൽകുന്നതിനായി മാറ്റി വച്ചത്. |
| (ജി) ആഭ്യന്തര ഉല്പാദനത്തിൽ നിന്നും പുറത്തു നിന്നും കൊണ്ടുവരുന്ന പാലിന്റെയും വിഹിതം ക്ഷീരകർഷകനു പെൻഷൻ നൽകാൻ മാറ്റി വയ്ക്കുന്നുണ്ടോ; | (ജി) മിൽമ വിൽക്കുന്ന എല്ലാ പാലിനും 12 പൈസ വീതം മാറ്റി വയ്ക്കുന്നുണ്ട്. |
| (എച്ച്) പുറത്തുനിന്നും കൊണ്ടുവരുന്ന പാലിന്റെ വിറ്റുവരവിൽ നിന്നും 2008-2009, 2009-2010, 2010-2011 വർഷങ്ങളിൽ എത്ര രൂപ ക്ഷീരകർഷക പെൻഷനുവേണ്ടി ശേഖരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എച്ച്) സംഭരണവും വിതരണവും തമ്മിലുള്ള അന്തരം നികത്തുന്നതിന് പാലും പാൽപ്പൊടിയും ആയാണ് അയൽ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്നത്. ഇങ്ങനെ കൊണ്ടുവരുന്ന പാലും പാൽപ്പൊടിയും വിൽപ്പനയ്ക്കുള്ള പാലായും മറ്റ് പാൽ ഉത്പന്നങ്ങളായും ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുകയാണ് ചെയ്യുന്നത്. വിവിധ ഗുണനിലവാരമുള്ള പാലാണ് അയൽ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നത്. ആയത് ഗുണനിലവാര മുള്ള പാലും പാൽ ഉൽപ്പന്നങ്ങളുമായി മാറ്റപ്പെടുത്തിയാണ് വിൽപ്പനയ്ക്ക് തയ്യാറാക്കുന്നത്. ഈ കാരണത്താൽ പുറത്തു നിന്നും കൊണ്ടുവരുന്ന പാലിന്റെ വിറ്റു വരവിൽ നിന്നും എത്ര രൂപ ക്ഷീരകർഷക പെൻഷനു വേണ്ടി അംശാദായമായി നൽകിയിട്ടുണ്ടെന്ന് കണക്കാക്കാൻ ബുദ്ധിമുട്ടുണ്ട്. |

(ഐ) കേരളത്തിന് പുറത്തു നിന്നും കൊണ്ടുവരുന്ന പാല് പ്രോസസ് ചെയ്യുന്ന മിൽമാ ജീവനക്കാർക്ക് പെൻഷൻ നൽകാൻ ഒരു നിശ്ചിത ശതമാനം തുക ക്ഷീരകർഷകന് നൽകുന്നതുപോലെ മാറ്റിവയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ഐ) പെൻഷൻ പദ്ധതിയെ സംബന്ധിച്ച് വിവിധ ഘട്ടങ്ങളിലുള്ള ചർച്ച നടന്നു വരുകയാണ്. എന്നാൽ അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്ന രീതിയിൽ പെൻഷൻ പദ്ധതി നടപ്പിലാക്കാൻ ആകില്ലെന്നുള്ള മാനേജ്മെന്റ് നയം തൊഴിലാളി സംഘടനകളെ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.